# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6182 10.7.2012-ൽ മറുപടിയ്ക്ക്

### ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാമിന്റെ സ്കൂൾ ക്ലബ്ബുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) | 2011-12-ൽ ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാമിന്റെ കീഴിൽ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനായി എന്ത് തുക നീക്കിവച്ചിരുന്നു; എന്ത് തുക നാളിതുവരെ ചെലവഴിച്ചു; | എ) | 2011-2012 ൽ ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാമിന്റെ കീഴിൽ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനായി 113.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മദ്ധ്യവേനലവധിക്ക് ശേഷം ഈ അദ്ധ്യനവർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | കെപ്കോയുടെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിയത് എന്നറിയിക്കുമോ; | ബി) | 2010-11 വർഷം തിരുവനന്തപുരം,കൊല്ലം, കോട്ടയം, ആലപ്പുഴ, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ വിവിധ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | ഈ പദ്ധതിയിൻപ്രകാരം ഓരോ സ്കൂളിനും കെപ്കോ എന്തെല്ലാം സാമഗ്രികളാണ് നൽകുന്നത്; | സി) | ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഓരോ വിദ്യാർത്ഥിക്കും 45-60 ദിവസം പ്രായമുള്ള 3 കോഴിയും , 3 കിലോ തീറ്റയും , 20 രൂപയുടെ മരുന്നും തികച്ചും സൗജന്യമായി നൽകുന്നു. |
| ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെന്നറിയിക്കുമോ? | ഡി) | പത്രപരസ്യം നൽകിയപ്പോൾ അപേക്ഷ നൽകിയ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളെ ആണ് കൂടുതലും തിരഞ്ഞെടുത്തിട്ടുള്ളത്. |

Seela
സെക്ഷൻ ഓഫീസർ